# ഒരേ തൂവൽ പക്ഷികൾ

**ഡോ. എം. കുര്യൻ തോമസ്**
drmkurianthomas@gmail.com

**ഭീ**കരരുടെ പിടിയിലമർന്ന ഇറാക്ക് - സിറിയൻ പ്രദേശങ്ങളിൽനിന്ന് ഭീകരതയുടെ ഞെട്ടിപ്പിക്കുന്ന കഥകളാണ് ദിനംപ്രതി പുറത്തുവരുന്നത്. സ്ത്രീകളേയും പെൺകുട്ടികളേയും ലൈംഗികമായും ശാരീരികമായും നിഷ്ഠൂരമായി പീഡിപ്പിക്കുന്നതിന്റെ ഞടുക്കുന്ന വാർത്തകൾ, മരവിച്ച മനഃസാക്ഷികൾക്കുമാത്രമേ ഒറ്റയടിക്ക് വായിച്ചു തീർക്കാനാവു. അത്തരം മനുഷ്യാധമന്മാരുടെ പോക്കറ്റ് എഡിഷൻ ഇങ്ങ് കൊച്ചുകേരളത്തിലുമുണ്ട്! ''സദാചാര ഗുണ്ടകൾ'' എന്നാണ് അവർ ഇന്നു പൊതുവേ അറിയപ്പെടുന്നത്.

സ്വയം സദാചാരസംരക്ഷകർ ആയി അവരോധിച്ച ഇവരെ ''സദാചാരപോലീസ്'' എന്നാണ് സമീപകാലം വരെ വിശേഷിപ്പിച്ചുവന്നത്. ''പോലീസ്'' എന്നാൽ ഏതൊരു സമൂഹത്തിലും നീതിന്യായപരിപാലനം നടത്തുന്ന ഔദ്യോഗിക സമൂഹമാണ്. എല്ലാ അർത്ഥത്തിലും ഇതിനു നേർ വിപരീതമായ കൂട്ടത്തെ ''പോലീസ്'' എന്നു വിശേഷിപ്പിക്കുന്നതിനെതിരെ സമൂഹം പ്രതികരിച്ചതോടെയാണ് ''സദാചാരഗുണ്ടകൾ'' എന്ന നാമം ഇവർക്ക് ലഭിച്ചത്. എന്നാൽ ഇന്നും ഇക്കിളിക്കഥകൾക്ക് പ്രാമുഖ്യം നൽകുന്ന ചില മാദ്ധ്യമങ്ങൾക്ക് ''സദാചാരപോലീസ്'' വിട്ടുകളയാൻ വിമുഖതയാണ്.

സദാചാരത്തിന്റെയും ധാർമ്മികമൂല്യങ്ങളുടേയും ''വിട്ടുവീഴ്ചയില്ലാത്ത സംരക്ഷകരായ'' കേരളത്തിലെ സദാചാര ഗുണ്ടകളും, യാതൊരു മൂല്യവുമില്ലാത്ത മദ്ധ്യപൗരസ്ത്യദേശത്തെ ഭീകരരും എങ്ങനെ ഒരേ തൂവൽ പക്ഷികളാകും എന്നു ചിലർ നെറ്റി ചുളിച്ചേക്കാം. ഒന്നല്ല, അനേകം സാധർമ്മ്യങ്ങൾ ഇരുകൂട്ടർക്കുമുണ്ട്. ഇവർക്ക് സമാനതകൾ മാത്രമേ ഉള്ളു എന്നു പറഞ്ഞാലും സത്യമാണ്. ഇതു മനസിലാക്കണമെങ്കിൽ ഇരുകൂട്ടരേയും നയിക്കുന്ന തത്വശാസ്ത്രങ്ങളെ വിശകലനം ചെയ്യണം.

എന്താണ് സദാചാര ഗുണ്ടകൾ ചെയ്യുന്നത്? തങ്ങൾ സ്വയം നിർണ്ണയിച്ച സദാചാര-ധാർമ്മിക മൂല്യങ്ങൾ ഇതരുടെമേൽ അടിച്ചേൽപ്പിക്കുക. അതിന്റെ പേരിൽ പുരുഷനും സ്ത്രീയും പൊതുസ്ഥലത്ത് ഒരുമിച്ച് സഞ്ചരിക്കുകയോ സ്വകാര്യ സ്ഥലത്ത് ഒരുമിച്ച് കൂടുകയോ ചെയ്താൽ അവരെ തേജോവധം ചെയ്യുകയോ അത്യാവശ്യം മർദ്ദിക്കുകയോ ചെയ്യുക. അതിന് എല്ലാ മാർഗ്ഗത്തിലും പരമാവധി പ്രചരണം നൽകുക. ഇവർ പലപ്പോഴും ബന്ധുക്കളോ സഹപ്രവർത്തകരോ ഭാര്യാഭർത്താക്കന്മാർപോലുമോ ആയിരിക്കാം. പക്ഷേ അതറിഞ്ഞു വരുമ്പോഴേയ്ക്കും ഇങ്ങിനിവരാത്തവിധം അവരുടെ ജീവിതം താറുമാറാകും. ഇതുതന്നെയാണ് ഭീകരരും പറയുന്നത്. തങ്ങളുടെ സദാചാര-ധാർമ്മിക മൂല്യങ്ങൾ അനുസരിച്ച് സ്ത്രീകളെ അടിമകളാക്കാനും പീഡിപ്പിക്കാനും അനുവാദമുണ്ട്. ഞങ്ങൾ അതു ഞങ്ങളുടേതായ രീതിയിൽ ചെയ്യുന്നു.

അമർത്തപ്പെട്ട കാമവികാരവും പീഡാസക്തിയുമാണ് (Sadism) ഇത്തരം പ്രവർത്തികളിലേർപ്പെടുന്ന ഭീകരുടെ അടിസ്ഥാന പ്രശ്നമെന്നു ചില മനഃശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാട്ടുന്നുണ്ട്. നിയമവാഴ്ചയില്ലാത്ത മദ്ധ്യപൗരസ്ത്യദേശത്ത് ശക്തി കൈയ്യിലുള്ളതിനാൽ ഭീകരർ നിർബാധം അത് പ്രവർത്തിപഥത്തിലെത്തിക്കുന്നു. ഇതേ മനഃശാസ്ത്രം തന്നെയാണ് സദാചാര ഗുണ്ടകളേയും ഭരിക്കുന്നത്. നിയമവാഴ്ചയെ ഭയന്ന് അവരതു വ്യക്തിഹത്യയിലൊതുക്കുന്നു. അവസരം ഒത്തുകിട്ടിയാൽ അവരും ഭീകരർക്കു സമമായി കായികമായിത്തന്നെ പ്രവർത്തിക്കുമെന്നതിൽ രണ്ടുപക്ഷമില്ല.

ഇവിടെ പ്രസക്തമായ ചോദ്യം സദാചാര-ധാർമ്മിക മൂല്യങ്ങൾ നിർണ്ണയിക്കാൻ സദാചാര ഗുണ്ടകൾക്ക് ആര് അധികാരം നൽകി? ഇന്ത്യയിൽ സദാചാരലംഘനത്തേപ്പറ്റി (Immoral traffic) വ്യക്തമായ നിയമങ്ങളുണ്ട്. അത് നടപ്പാക്കേണ്ട് നീതിന്യായ-ഭരണ സംവിധാനങ്ങളാണ്. അതിന് പുതിയ അതിർത്തികൾ നിർണ്ണയിക്കാനോ, സ്വയം നടപ്പാക്കാനോ ആരെയും അധികാരപ്പെടുത്തിയിട്ടില്ല. യഥാർത്ഥത്തിൽ അപ്രകാരം നിയമം കയ്യിലെടുക്കുന്നവരെയാണ് മാതൃകാപരമായി ശിക്ഷിക്കേണ്ടത്.

ഇവിടെയാണ് കേരളത്തിലെ പോലീസ്-ഭരണ സംവിധാനത്തിന് പാളിച്ചപറ്റിയത്. ഇത്തരം സംഭവങ്ങളിൽ സദാചാര ഗുണ്ടകൾക്കെതിരായി നിഷ്ക്കരുണം നടപടിയെടുക്കേണ്ടതിനു പകരം അത്തരം കേസുകളേ ഒഴിവാക്കാനാണ് പോലീസ് ശ്രമിക്കുന്നത്. സഹപ്രവർത്തകന്റെ കൂടെ രാത്രിയിൽ ജോലിക്കുപോയ തന്നെ മാനസികമായി പീഡിപ്പിക്കുകയും മർദ്ദിക്കുകയും ചെയ്ത സദാചാര ഗുണ്ടകൾക്കെതിരായി നൽകിയ പരാതി സ്വീകരിക്കുവാൻ ഒരു യുവതിയ്ക്ക് പോലീസ് സ്റ്റേഷനിൽ കുത്തിയിരിപ്പു സത്യാഗ്രഹം നടത്തേണ്ടിവന്നിട്ട് വർഷം അധികമായിട്ടില്ല.

ഇത് നിസാരമായ ഒരു സംഗതിയല്ല. ഇത്തരം സംഭവങ്ങളിൽ പരാതികൾ തന്നെ അത്യപൂർവമാണ്. അവയെ നിസാരവൽക്കരിച്ചാൽ അവ ആവർത്തിക്കാൻ സദാചാര ഗുണ്ടകൾക്ക് വളമാകും. ജനജീവിതം താറുമാറാകുമെന്നു മാത്രമല്ല, കേരളത്തിന്റെ വികസന വികസന അജണ്ടായെത്തന്നെ അതു തുരങ്കുംവയ്ക്കും. രാത്രിയിൽ ജോലിക്കു പോകാനോ യാത്ര ചെയ്യുവാനോ, എന്തിന്, എതിർലിംഗത്തിൽ പെട്ടവരോട് സംസാരിക്കുവാനോ സാധിക്കാത്ത അവസ്ഥ വന്നാൽ? ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ്.

ഇതിനെ പ്രത്യക്ഷമായിത്തന്നെ പിന്തുണയ്ക്കു നടപടിയാണ് മുഖ്യാധാരാ മാദ്ധ്യമങ്ങൾ ചെയ്യുന്നത്. സദാചാര ഗുണ്ടകളുടെ വിളയാട്ടത്തിന് അനാവശ്യമായ പ്രചാരം കൊടുക്കുകയും ഇക്കിളിപ്പെടുത്തുന്ന സൈഡ് സ്റ്റോറികൾ സൃഷ്ടിച്ച് അതിനെ മഹത്വവൽക്കരിയ്ക്കുകയുമല്ലേ മാദ്ധ്യമങ്ങൾ ചെയ്യുന്നത്? പകപോക്കലുകൾക്കുവേണ്ടിപ്പോലും പുതിയപുതിയ കഥകൾ സൃഷ്ടിക്കാൻ ഇവ പ്രേരകമാകുന്നു എന്നത് ഒരു യാഥാർത്ഥ്യമല്ലേ?

കുറച്ചുനാൾമുമ്പ് ഒരു രാഷ്ട്രീയ നേതാവിനേയും ഒരു സ്ത്രീയേയും ''സംശയാസ്പദമായ സാഹചര്യത്തിൽ'' കുറേപ്പേർചേർന്ന് തടഞ്ഞുവെച്ചു. എന്തൊരു ബഹളമായിരുന്നു! ചാനലുകളിൽ ലൈവ്, അച്ചടിമാദ്ധ്യമങ്ങളിൽ ഫ്രണ്ട്പേജ്, സോഷ്യൽ മീഡിയാകളിൽ ചൂടൻ ചർച്ച. ... അതവിടെ നിൽക്കട്ടെ, മറുവശത്ത് വ്യക്തികളുടെ സ്വകാര്യതകളിൽ കടന്നുകയറുകയും അനേക നിയമങ്ങൾ ലംഘിക്കുകയും ചെയ്ത സദാചാര ഗുണ്ടകൾക്കെതിരെ ആരെങ്കിലും പ്രതികരിക്കുകയോ നടപടിയെടുക്കുകയും ചെയ്തോ?

തടഞ്ഞുവെച്ചവർ എത്ര നിയമങ്ങളാണ് ലംഘിച്ചത്? അന്യായമായി സംഘംചേരൽ, സ്വകാര്യ വസ്തുവിൽ കടന്നുകയറൽ, അന്യായമായി തടഞ്ഞുവയ്ക്കൽ, സ്വകാര്യതയുടേയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ലംഘനം, സ്ത്രീത്വത്തെ അപമാനിക്കൽ ... കൊള്ളാവുന്ന ഒരു സ്റ്റേഷൻ റൈട്ടർക്ക് ''ഒരു പത്തു കൊല്ലത്തിനുള്ള വകുപ്പ്'' ചാർജ്ജെഴുതാൻമാത്രം നിയമങ്ങൾ അവർ ലംഘിച്ചിട്ടുണ്ട്. അവിടെത്തിയ പല ചാനലുകൾക്കും ഇവ ബാധകമാണ്. എന്നിട്ടെന്തായി? ഇത്തരം ഒന്നുരണ്ടു സംഭവങ്ങളിൽ കർശനമായ നടപടി എടുക്കുകയും മാദ്ധ്യമങ്ങൾ ഗുണ്ടകൾക്കനുകൂലമായ നയം തിരുത്തുകയും ചെയ്താൽ ഈ ദുരാത്മാവ് പടികടക്കും. അതിനു രാഷ്ട്രീയം നോക്കിയിട്ടൊന്നും കാര്യമില്ല. കർശന നടപടിതന്നെവേണം.

മറ്റൊരുതരം സദാചാര ഗുണ്ടകൾ കേരളത്തിലുണ്ട്. പക്ഷേ അവരെ ശിക്ഷിക്കാൻ വകുപ്പില്ല. ''സാംസ്കാരിക നായകന്മാർ'' എന്ന പേരിലാണ് അവർ അറിയപ്പെടുന്നത്. സ്ത്രീകളുടെ വസ്ത്രധാരണത്തിലാണ് അവരുടെ കണ്ണ്! അവരുടെ അഭിപ്രായപ്രകാരം സ്ത്രീകൾ ആഭാസകരമായി വസ്ത്രം ധരിക്കുന്നതുമൂലമാണത്രെ സ്ത്രീ പീഡനം ഉണ്ടാകുന്നത്! ഫ്രോക്കു മുതൽ ജീൻസു വരെ എന്തിലും അവർ കയറിപ്പിടിക്കും.

ഒന്നാമതായി, ആഭാസകരമായ വസ്ത്രം എന്നൊന്നില്ല. അതു ധരിക്കുന്നവരുടേയും കാണുന്നവരുടേയും കാഴ്ചപ്പാടു പോലിരിക്കും. ഏറ്റവും മാന്യമെന്നു വിശേഷിപ്പിക്കപ്പെടുന്ന വസ്ത്രങ്ങളാണ് സാരിയും ചുരിദാറും. ഏറ്റവും ആഭാസകരമായി ധരിക്കാവുന്നതും ഇവ തന്നെ. അതേപോലെതന്നയാണ് ജീൻസടക്കമുള്ള ഇതര വസ്ത്രങ്ങളും. പിശാച് സ്ത്രീരൂപത്തിലെത്തി തന്നെ പ്രലോഭിപ്പിക്കുന്നു എന്നും, അതിനാൽ സ്ത്രീ വ്രതലംഘനോപാധിയാണന്നും പരാതിപ്പെട്ട യുവസന്യാസിയോട്, ''അത് സ്ത്രീയുടെ കുഴപ്പമല്ല നിന്റെ കണ്ണിന്റെ കുഴപ്പമാണ്'' എന്നു ഉപദേശിച്ച സിറിയൻ ഗുരുവിന്റെ വചനമാണ് ഇവിടെ പ്രസക്തം. അമ്മയും സ്ത്രീയാണല്ലോ.

രണ്ടാമതായി, തരംതാണ പ്രശസ്തിക്കുവേണ്ടി ഇത്തരം ''മഹദ്വചനങ്ങൾ'' തട്ടിവിടുന്നവരേയും ഭരിക്കുന്നത് സ്ത്രീ രണ്ടാംതരം ജന്മവും ഉപഭോഗവസ്തുവുമാണെന്ന പിന്തിരിപ്പൻ കാഴ്ചപ്പാടാണ്. അതിനാലാണ് സ്ത്രീയെ മൂടിപ്പൊതിഞ്ഞു വെയ്ക്കണമെന്നു ഘോരഘോരം പ്രസംഗിക്കുന്നവർ പുരുഷവേഷത്തെക്കുറിച്ച് തികഞ്ഞ നിശബ്ദത പാലിക്കുന്നത്. പുരുഷൻ ആഭാസകരമായി വസ്ത്രം ധരിച്ചാൽ സ്ത്രീക്ക് വികാരങ്ങളൊന്നും ഉണ്ടാകില്ലേ? ഈ ലേഖകന്റെ അഭിപ്രായത്തിൽ പിറകിലെ നിമ്നോന്നതങ്ങൾ പൂർണ്ണമായി പ്രകടിപ്പിക്കുന്ന പുരുഷന്മാരുടെ ''ലോവെയ്സ്റ്റ്'' തികച്ചും ആഭാസകരമാണ്. എന്തുകൊണ്ട് സാസ്കാരിക നായകന്മാർ അതിനെതിരെ പ്രതികരിക്കുന്നില്ല?

മൂന്നാമതായി, വസ്ത്രധാരണവും പീഡനവും തമ്മിൽ ബന്ധമൊന്നുമില്ല. സമീപകാലത്ത് പത്രവാർത്തകളിൽ കണ്ട സ്ത്രീപീഡനങ്ങളൊന്നും ഇരകൾ ആഭാസകരമായ രീതിയിൽ വസ്ത്രം ധരിച്ചിട്ടുണ്ടായതല്ല. സ്ത്രീപീഡനങ്ങൾക്ക് ഒരൊറ്റ കാരണമേ ഉള്ളു. യാഥാർത്ഥ രണ്ടാംതരം ജന്മമായ പുരുഷന്റെ മാനസിക വൈകൃതം. ''സ്ത്രീയുള്ളിടത്ത് സ്ത്രീപീഡനം നടക്കും'' എന്ന പ്രശസ്തമായ നായനാർഭാഷ്യം ''പുരുഷനുണ്ടേൽ പീഡനം നടക്കും'' എന്നു തിരുത്തിയാൽ കൂടുതൽ കൃത്യമാകും. കാരണം, പീഡിപ്പിക്കാൻ സ്ത്രീതന്നെ വേണമെന്നില്ല. കുട്ടികളായാലും മതി. പുരുഷന്റെ ഈ ഉത്പാദനപിഴവ് (manufacturing defect) മാറ്റാൻ മാർഗ്ഗമില്ല. കഠിനശിക്ഷകളിലൂടെ അമർത്താനേ സാധിക്കൂ.

സ്വർണ്ണമോ പണമോ പോലെ പൊതിഞ്ഞുകെട്ടി ലോക്കറിൽവെക്കേണ്ട സ്വകാര്യസ്വത്താണ് സ്ത്രീ എന്ന ധാരണയാണ് ഇത്തരം ''സാസ്ക്കാരിക നായകന്മാരെ'' നയിക്കുന്നത്. അതും ഒരുതരം ''സദാചാര ഗുണ്ടായിസ'' മാണ്. സ്ത്രീയെ മൂടിക്കെട്ടേണ്ടവർ ആദ്യം സ്വയം മൂടട്ടെ. അതോടൊപ്പം തുല്യ നീതിയോടെ സ്ത്രീയെ വീക്ഷിക്കുക.

സദാചാരഗുണ്ടായിസം ആപത്കരമാണ്. അത് അടിച്ചമർത്തിയേ പറ്റൂ. അല്ലാത്തപക്ഷം അത് ഭീകരതയായി വളരും.സ്വയം നിയമം സൃഷ്ടിക്കാനും കൈയ്യിലെടുക്കാനും ആരെയും അനുവദിക്കരുത്. അത് ഭരണകൂടത്തിന്റെ ബാധ്യതയാണ്. സദാചാര ഗുണ്ടകളെ കൊടുംക്രിമിനലുകളായി കാണാൻ മാദ്ധ്യമങ്ങളും തയാറാവണം.

*വാൽക്കഷണം* - മഹാരാഷ്ട്രയിലെ പുതിയ നിയമപ്രകാരം കാളയിറച്ചി കൈവശം വയ്ക്കുന്നതും വിപണനം ചെയ്യുന്നതും കഠിനശിക്ഷ ലഭിക്കുന്ന കുറ്റമാണ്. ഇതിനെപ്പറ്റി സാമൂഹിക മാദ്ധ്യമ കമന്റ്. - മുംബൈ നഗരത്തിലെ ചുവന്ന തെരുവുകളിൽ മനുഷ്യമാംസം പച്ചയ്ക്കും പരസ്യവുമായി നിർബാധം രാപകലില്ലാതെ വിൽക്കുന്നു. യാതൊരു ശിക്ഷയുമില്ല! ആദ്യം അതൊന്നു നിരോധിച്ചുകൂടെ?

(*സാമൂഹ്യനീതി* - ജൂലൈ 2015)